## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ: **5786** **03.11.16** ലെ മറുപടി

## ജലസംഭരണികളും ജലസ്രോതസ്സുകളും മാലിന്യ മുക്തമാക്കുന്നതിന് പദ്ധതി

### ചോദ്യം

ശ്രീ.പി.കെ.ബഷീർ

(എ) ധാരാളം ജലസംഭരണികളും ജലസ്രോതസ്സുകളും മാലിന്യ കൂമ്പാരങ്ങളായി മാറിയിരിക്കുന്ന ദുരവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഇവയെ മാലിന്യ മുക്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതികൾ ഇല്ലെങ്കിൽ, തദ്ദേശ സ്വയം ഭരണ വകുപ്പ് ആരോഗ്യ വകുപ്പ്, മലിനീകരണ നിയന്ത്രണ വകുപ്പ് എന്നീ വകുപ്പുകളെയും കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി ഇവയെയും ഏകോപിപ്പിച്ചുകൊണ്ട് ജല സ്രോതസ്സുകളെ മാലിന്യ മുക്തമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വിശദമാക്കുമോ?

### മറുപടി

മാത്യു.ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും

ഉണ്ട് ; ജലമലിനീകരണവുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളേണ്ടത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ്.

ജലസ്രോതസ്സുകളുടെ സുരക്ഷയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 'ഹരിതകേരളം' എന്ന ഒരു പുതിയ പദ്ധതിയ്ക്ക് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ശുചിത്വം - മാലിന്യ സംസ്കരണം എന്നീ മേഖലകൾക്ക് പ്രത്യേകം പ്രാധാന്യം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ